ട്ടുണ്ട്. ഈ പരീക്ഷകം നടത്തിയതിനുശേഷം സെൻട്രലൈസ്ഡ് വാലേഷൻ നടത്തി, റിസൽട്ട് എത്രയും വഗം കൊണ്ടുവരുന്നതാണെന്ന് യൂണിവേഴ്സിറ്റി അധികാരികം എന്നെ അറിയിച്ചിട്ടുണ്ട്.

(54) വടകര മുനിസിപ്പാലിറ്റിയിലെ ഗ്രന്ഥശാലകം അനുവേക്കുന്ന സാമ്പത്തിക ബുദ്ധിമുട്ട്

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, വടകര മുനിസിപ്പാലിറ്റിയിൽ കേരള ഗ്രന്ഥശാലാ സംഘം അംഗീകരിച്ചിട്ടുള്ള ഏഴ് വായനശാലകളിൽ പത്രങ്ങം വാങ്ങുവാനുള്ള സംഖ്യ വടകര മുനിസിപ്പാലിറ്റിയിൽ നിന്നാണ് കൊല്ലങ്ങളായി കൊടുത്തുവരുന്നത്. ഒരു സർക്കാർ കല്പനയുടെ അടിസ്ഥാനത്തിലാണ് കൊടുത്തുവന്നിരുന്നത്. ആ സർക്കാർ കല്പനയുടെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റിയുടെ കല്പനയും പസ്സാക്കിയിട്ടുണ്ട്. ഏതാനും മാസങ്ങൾക്കുമുമ്പ് ആഡിറ്റ് നടത്തിയപ്പോം, സർക്കാർ കല്പനയുടെ കോപ്പി അവിടെ കണ്ടില്ലെന്നുള്ള കാരണത്താൽ ആഡിറ്റ് ഒബ്ജക്ഷനുണ്ടാകുകയും ഒരു ആഡിറ്റ് വിശദീകരണം ആവശ്യപ്പെടുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റിയും ഗവൺമെന്റും തമ്മിൽ എഴുത്തുകുത്ത് നടക്കുകയാണ്. കൊല്ലങ്ങളായി കൊടുത്തുവരുന്ന ഈ ഗ്രാന്റ് വടകര മുനിസിപ്പാലിറ്റി ഈ വായനശാലകൾക്ക് കുറെ മാസങ്ങളായിട്ട് കൊടുക്കുന്നില്ല. ബഹുമാനപ്പെട്ട സുന്ദരംസ്വാമിക്കും അതിനുശേഷം ശ്രീ. കെ. എം. മാണിക്കും ഇതിനെക്കുറിച്ച് പല കത്തുകളും അയക്കുകയുണ്ടായി. പത്തു ദിവസം മുമ്പ് ഞാൻ അവസാനമയച്ച കത്തിൽ ഗവൺമെന്റ് കല്പനയുടെ ഫോട്ടോസ്റ്റാറ്റ് കോപ്പിയും മുനിസിപ്പാലിറ്റി കൽപ്പനയുടെ ഫോട്ടോസ്റ്റാറ്റ് കോപ്പിയും പെച്ചിരുന്നു. ഗവൺമെന്റ് കൽപ്പന ഇതുവരെയും റദ്ദാക്കിയിട്ടില്ല, ഇപ്പോഴും നിലവിലുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇത് തുടരേണ്ടതാണെന്ന് കാണിച്ച് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇന്നും ആ വായനശാലകൾക്ക് കിട്ടേണ്ടതായിട്ടുള്ള ഗ്രാന്റ് കിട്ടിയിട്ടില്ല. 27-ാംതീയതി പ്രസിദ്ധീകരിച്ചിട്ടുള്ള തൃശ്ശൂർ എക്സ്പ്രസ് പത്രത്തിൽ വടകരയിലെ വായനശാലകളെല്ലാം അടച്ചുപൂട്ടുന്നുവെന്നുപറഞ്ഞ് വാർത്ത വന്നിട്ടുണ്ട്. ആ വായനശാലകം ഇപ്പോം അടച്ച സ്ഥിതിയിലാണ്. കാരണം, പത്രങ്ങൾക്ക് കാശ് കൊടുക്കുവാൻ നിവൃത്തിയില്ല; കുടിശ്ശിക വന്നിരിക്കുന്നു. ഇനിയും പത്രങ്ങം കിട്ടുമോ, ഇല്ലയോയെന്നുള്ള സ്ഥിതി വന്നിരിക്കുകയാണ്. അതുകൊണ്ട് അതിനെക്കുറിച്ച് അന്വേഷിച്ച് വേണ്ട നടപടികൾ എടുക്കണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് അപേക്ഷിക്കുവാനുള്ളത്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, നഗരസഭയുടേയോ മുനിസിപ്പൽ അഡ്മിനിസ്ട്രേറ്ററുടേയോ ഡയറക്ടറുടേയോ അനുമതികൂടാതെ അനധികൃതമായി കുറെ ഗ്രന്ഥശാല
11a.m.] കൾക്ക് പത്രം വാങ്ങാനായി പണം അടച്ചുകൊടുത്തുകൊണ്ടിരുന്നു. പക്ഷേ അതിൻമേൽ ആഡിറ്റ് ഒബ്ജക്ഷൻ ഉണ്ടായി. ആ ആഡിറ്റ് ഒബ്ജക്ഷൻ ഉണ്ടായതാണ് കുഴപ്പമുണ്ടാക്കിയത്. 69,000 രൂപ ഇപ്രകാരം ഗ്രന്ഥശാലകൾക്ക് കൊടുക്കുവാനുണ്ടായിരുന്നു. പക്ഷേ അത് അനധികൃതമായി കൊടുത്തുകൊണ്ടിരുന്നത് വടകര മുനിസിപ്പാലിറ്റിക്കാണ്. ഇത് സംബന്ധിച്ച് വീണ്ടും അത് റഗുലറൈസ് ചെയ്യുന്നതിനുവേണ്ടി മുനി

LIBRARY ARCHIVES Kerala Legislative Assembly

സിപ്പൽ അഡ്മിനിസ്ട്രേറ്റർക്ക് അവിടെനിന്നും കത്തുകിട്ടിയത് ഈ അടുത്തകാലത്താണ്. ഈ അടുത്ത കാലത്ത് കിട്ടിയ പ്രൊപ്പോസലിൻമേൽ ഇങ്ങനെ അനധികൃതമായി പ്രവർത്തിച്ചുകൂടാ എന്നുള്ള താക്കീതോടുകൂടി ചെയ്തത് അംഗീകരിക്കുകയും 69,205 രൂപ 73 പൈസയ്ക്ക് അപ്പുവരി കൊടുക്കുകയും ചെയ്തിട്ടുണ്ട്. 17-11-1986-ൽ അതനുസരിച്ചുള്ള ഉത്തരവ് വടകര മുനിസിപ്പാലിറ്റിക്ക് അയച്ചിട്ടുണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പറെ ഞാൻ അറിയിക്കുകയാണ്.

(55) 'ക്രിസ്തുവിന്റെ അവസാനത്തെ പ്രലോഭനം' എന്ന ഉപന്യാസത്തെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയ്ത പ്രസംഗം

ശ്രീ. ഇ. കെ. നായനാർ: സ്പീക്കർ സർ, നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയ്ത ദേശീയ വിരുദ്ധമായ ഒരു പ്രസ്താവവും നടപടിയും തിരുത്താൻ സന്നദ്ധമാണോ അത് തിരുത്തിക്കണം എന്ന അഭ്യർത്ഥനയുമായിട്ടാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. അദ്ദേഹം ഡിസംബർ 11-ാം തീയതി കോഴിക്കോട് സർവ്വകലാശാലാ അക്കാഡമിക് കൗൺസിലിൽ ഒരു തീരുമാനം എടുത്തിരുന്നു. ലോകപ്രസിദ്ധ സാഹിത്യകാരനായ കസാൻദ് സാക്കീസിന്റെ 'Last Temptation of Christ' എന്ന നോവലിനെ ആസ്പദമാക്കി പി. എ. വാര്യർ എഴുതിയ 'ക്രിസ്തുവിന്റെ അവസാനത്തെ പ്രലോഭനം' എന്ന ഉപന്യാസം പിൻവലിക്കേണ്ടതില്ലെന്നായിരുന്നു ആ തീരുമാനം. പി. എ. വാര്യരുടെ അനുവേങ്ങാം എന്ന പുസ്തകത്തിലെ ഉപന്യാസം പഠിപ്പിക്കേണ്ടതില്ലെന്ന് യൂണിവേഴ്സിറ്റിയുടെ ബോർഡ് ഓഫ് സ്റ്റഡീസും ഫാക്കൽറ്റിയും തീരുമാനിച്ചതിനെതിരെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടുകൂടിയാണ് അത് പഠിപ്പിക്കണമെന്ന് അക്കാഡമിക് കൗൺസിൽ തീരുമാനിച്ചത്. ആ കൃതിയെ ആസ്പദമാക്കി രചിച്ച ക്രിസ്തുവിന്റെ ആറാം തിരുമുറിവ് എന്ന നാടകത്തിനെതിരെ മതാദ്ധ്യക്ഷൻമാർ ലഹള സംഘടിപ്പിച്ചതിന്റെ പശ്ചാത്തലത്തിൽ ക്രിസ്തുവിന്റെ അവസാനത്തെ പ്രലോഭനത്തെക്കുറിച്ച് ബോർഡ് ഓഫ് സ്റ്റഡീസും ഫാക്കൽറ്റിയും വിദ്യാഭ്യാസമന്ത്രിയുടെ നിർദ്ദേശാനുസരണമാണ് ആ പാഠം പിൻവലിച്ചത്. ആ തെറ്റായ തീരുമാനത്തെ ഈ സംസ്ഥാനത്തെ സാംസ്കാരിക നായകൻമാരും വിദ്യാഭ്യാസ വിചക്ഷണൻമാരും ചോദ്യം ചെയ്തിരിക്കയാണ്. തുടർന്ന് വിദ്യാർത്ഥികളെ എന്തു പഠിപ്പിക്കണമെന്ന് അന്തിമമായി തീരുമാനമെടുക്കാൻ അധികാരമുള്ള അക്കാഡമിക് കൗൺസിൽ ഉചിതമായ തീരുമാനം എടുത്തു. അതിനെതിരെ ഹാലിളകിയാണ് മന്ത്രി ശ്രീ. ടി. എം. ജേക്കബ് ദേശീയ വിരുദ്ധമായ പ്രസംഗം നടത്തിയത്. ഡിസംബർ 12-ാംതീയതി കൊച്ചി ടൗൺ ഹാളിൽ കെ. ജി. പി. ടി. യൂണിയന്റെ വിദ്യാഭ്യാസ സമ്മേളനത്തിൽ സംസാരിക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, അക്കാഡമിക് കൗൺസിൽ ഇതുപഠിപ്പിക്കണമെന്നുപറഞ്ഞാൽ കുറെ പിള്ളേർ ഇത് പഠിക്കാൻ പറ്റില്ലെന്നു പറയും. കത്തിക്കുത്തിനും തീവെപ്പിനും മുതിരും. ഒരു ചൊറുകഥയുടെ പേരിൽ മൈസൂരിൽ പതിനേഴു മനുഷ്യ ജീവൻ നഷ്ടപ്പെട്ടത് മറക്കണ്ട. ആ പ്രസംഗത്തിനുശേഷം ഇതേക്കുറിച്ച് വിശദീകരണം തേടി പത്രലേഖകൻമാർ ഗസ്റ്റ് ഹൗസിൽ ചെന്നപ്പോഴാ മന്ത്രി പറഞ്ഞു. ഈ ഉപന്യാസം പഠിപ്പിക്കുന്നത് ശരിയല്ല എന്നാണ് സർക്കാരിന്റെ ഉറച്ച അഭിപ്രായം. ഇത് പഠിപ്പിച്ചാൽ കോഴിക്കോട് സർവ്വകലാശാല

LIBRARY ARCHIVES Kerala Legislative Assembly